56

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JANUARY 2024

ഏവർക്കും വ്യവസായ വകുപ്പിന്റെ ഹൃദയം നിറഞ്ഞ 2024 പുതുവത്സരാശംസകൾ




# പൊതുമേഖലാ സ്ഥാപനങ്ങൾ ഇനി കൂടുതൽ പ്രൊഫഷണലിസമുള്ളതാകും

## കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു

കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡിന്റെ (കെപിഇഎസ്ആർബി) പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തുടക്കം കുറിച്ചു. ബോർഡിന്റെയും പുതിയ ഓഫിസ് മന്ദിരത്തിന്റെയും ഉദ്ഘാടനം വെള്ളയമ്പലത്തെ ബോർഡ് ആസ്ഥാനത്ത് 2023 ഡിസംബർ 27ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡിന് രൂപം നൽകിയതെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. വിദഗ്ധരുടെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനമടക്കം നൽകുന്ന തരത്തിലാണ് ബോർഡിന് രൂപം നൽകിയതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.

കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് സുതാര്യമായ നടപടികളിലൂടെ കാര്യക്ഷമതയും നൈപുണ്യവുമുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സ്വയംഭരണ സ്ഥാപനമാണ് കെപിഇഎസ്ആർബി. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ പി.എസ്.സിക്ക് വിടാത്ത തസ്തികളിലേക്കാണ് ബോർഡ് നിയമനം നടത്തുക. ഭാവിയിൽ മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെയും സമാനമായ നിയമനങ്ങൾ ഈ ബോർഡിന്റെ പരിധിയിൽ വരും. തുടക്കം എന്ന നിലയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള 20 പൊതുമേഖല സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയാണ് ബോർഡിനെ ഏൽപ്പിച്ചിട്ടുള്ളത്. ഇതോടൊപ്പം 22 പൊതുമേഖല സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ നിയമനത്തിനുള്ള സെലക്ഷനും ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. 12 പൊതുമേഖല സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ തസ്തികയ്ക്കുള്ള സെലക്ഷൻ നടപടികൾ പൂർത്തിയാക്കി. പൊതുമേഖല സ്ഥാപനങ്ങളിലെ ഒരു വർഷത്തിലധികം കാലാവധിയുള്ള കരാർ നിയമനങ്ങളും ബോർഡിന്റെ പരിധിയിൽ വരും.





ചടങ്ങിൽ ബഹു. എം.എൽ.എ. ശ്രീ. വി.കെ. പ്രശാന്ത് എം.എൽ., ബോർഡ് ചെയർമാൻ ഡോ. വി. പി. ജോയ് ഐ.എ.എസ് (Retd.), വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കെ.പി.ഇ.എസ്.ആർ.ബി സ്പെഷ്യൽ ഓഫീസർ ശ്രീമതി അഞ്ജന എം, വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ്, ബി.പി.ടി ചെയർമാൻ ശ്രീ. അജിത് കുമാർ കെ., കെ.പി.ഇ.എസ്.ആർ.ബി മെമ്പർ ശ്രീ. രാജീവൻ വി.കെ, സെക്രട്ടറി ശ്രീ. രഞ്ജിത്കുമാർ എം.ജി. എന്നിവർ സംബന്ധിച്ചു.

2023 മെയ് മാസത്തിലാണ് 5 ബോർഡ് അംഗങ്ങളുൾപ്പെട്ട പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു നിലവിൽ വന്നത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. വി.പി.ജോയ് ഐ.എ.എസ് (Retd.) ആണ് ചെയർമാൻ. മറ്റ് അംഗങ്ങളായി റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് മുൻ ചെയർമാൻ ശ്രീ. വി.രാജീവൻ, കെഎസ്ഇബി മുൻ ചീഫ് എഞ്ചിനീയർ ശ്രീ. രാധാകൃഷ്ണൻ, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനിയറിങ്ങ് കമ്പനി ലിമിറ്റഡ് (കെൽ) ജനറൽ മാനേജർ ശ്രീമതി ലത സി. ശേഖർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീ. കെ. ഷറഫുദ്ദീൻ എന്നിവരേയും നിയമിച്ചിരുന്നു.

# തോട്ടം മേഖലയുടെ ഭാവി പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ; കേരള പ്ലാന്റേഷൻ എക്സ്പോ

സംസ്ഥാനത്തു തോട്ടം മേഖലയുടെയും തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 'കേരള പ്ലാന്റേഷൻ എക്സ്പോ' സംഘടിപ്പിക്കുന്നു. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ചുവട് വയ്പ്പ് എന്ന നിലയിലാണ് രണ്ടാമത് 'കേരള പ്ലാന്റേഷൻ എക്സ്പോ' 2024 ജനുവരി 20 മുതൽ 22 വരെ എറണാകുളം, കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിക്കുന്നത്.




തോട്ടം മേഖലയുടെ ഭാവി സുഭദ്രം' എന്ന ഉറപ്പോടുകൂടി കേരളത്തിലെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള ബ്രാൻഡ് ഉയർത്തുന്നതിനും സുപ്രധാന മേഖലകളെ ശക്തിപ്പെടുത്തുന്നതിനുമായാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് മൂന്നു ദിവസത്തെ പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിക്കുന്നത്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം കേരളം പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിച്ചത്.

സംസ്ഥാനത്തുടനീളമുള്ള എസ്റ്റേറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിക്കുക. സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത എല്ലാ പ്ലാൻറ്റേഷനുകൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള കച്ചവടക്കാർ, വിതരണക്കാർ, സേവന ദാതാക്കൾ എന്നിവരാകും എക്സ്പോയിൽ പങ്കെടുക്കുക. തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ, പാചകവിഭവങ്ങൾ ഉൾപ്പെടെയുള്ള മൂല്യവർധിത ഇനങ്ങളുടെ ശേഖരം എന്നിവയുൾപ്പെടെ സമ്പന്നവും വൈവിധ്യമാർന്നതുമായ തോട്ടം ഉൽപന്നങ്ങൾ എക്സ്പോയോടനുബന്ധിച്ചു പ്രദർശിപ്പിക്കുന്നതിനും അവസരമുണ്ടാകും. ഈ മേഖലയിലെ കേന്ദ്രസംസ്ഥാന സ്ഥാപനങ്ങളുടെ സ്റ്റാളുകളും എക്സ്പോയിൽ ഉണ്ടായിരിക്കും. കൂടാതെ പ്ലാന്റേഷൻ മേഖലയുടെ വ്യവസായ വാണിജ്യ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബി2ബി മീറ്റിംഗ് സെക്ഷനും എക്സ്പോയുടെ ഭാഗമായി ഒരുക്കുന്നുണ്ട്.

എക്സ്പോയുടെ ഭാഗമായി 2024 ജനുവരി 20,21,22 തീയതികളിൽ പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി പ്രഗത്ഭർ നേതൃത്വം കൊടുക്കുന്ന സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. എക്സ്പോ ദിവസങ്ങളിൽ രാവിലെ 09 മണി മുതൽ രാത്രി 11 മണി വരെയാണ് സന്ദർശനം സമയം. പ്രവേശനം സൗജന്യമാണ്. തോട്ട വിപണിയിലെ വൈവിധ്യങ്ങൾ നേരിട്ടറിയുന്നതിനും ഉത്പന്നങ്ങൾ വാങ്ങുന്നതിനും എക്സ്പോ അവസരമൊരുക്കും.

## മികവിന്റെ ഒന്നര വർഷം; അഭിമാനമായി സംരംഭക വർഷം പദ്ധതി

ഒന്നര വർഷം കൊണ്ട് (2022 ഏപ്രിൽ 1ന് ആരംഭിച്ച് 2023 ഡിസംബർ 29 വരെ) 2,01,518 സംരംഭങ്ങൾ, 4,30,089 പേർക്ക് തൊഴിൽ അവസരങ്ങൾ, 12,537 കോടി രൂപയുടെ നിക്ഷേപം അങ്ങനെ അഭിമാന നേട്ടങ്ങളുടെ പാരമ്യത്തിലാണ് കേരളത്തിന്റെ സ്വന്തം സംരംഭക വർഷം പദ്ധതി. കേരളത്തിന്റെ സാമ്പത്തികനിലയിൽ തന്നെ മാറ്റം സൃഷ്ടിക്കും വിധത്തിൽ വിപ്ലവകരമായ വളർച്ചയാണ് കഴിഞ്ഞ ഒന്നരവർഷം കൊണ്ട് നേടിയിരിക്കുന്നത്.

14 ജില്ലകളിലുമായി ചരിത്രനേട്ടം കൈവരിച്ചിട്ടുള്ള പദ്ധതി കേരളത്തിന്റെ എം.എസ്.എം.ഇ മേഖലയിലെ സകല റെക്കോഡുകളും ഭേദിച്ച് മുന്നോട്ടു കുതിക്കുകയാണ്. 2023 ഏപ്രിൽ 1 മുതൽ ഇന്നലെ വരെ (2023 ഡിസംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം) 61,684 പുതിയ സംരംഭങ്ങൾ റജിസ്റ്റർ ചെയ്തു. ഇതിലൂടെ 4313 കോടി രൂപയുടെ നിക്ഷേപവും 1,34,534 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഭക്ഷ്യസംസ്കരണ മേഖലയിലാണു കൂടുതൽ സംരംഭങ്ങൾ.പുതിയ സംരംഭങ്ങളിൽ മൂന്നിലൊന്നും (64,127) വനിതകളുടേതാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ 8,752 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ദേശീയതലത്തിൽ തന്നെ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ തിളക്കത്തിന് മാറ്റ് കൂടുകയാണ് 2 ലക്ഷം സംരംഭങ്ങളെന്ന ചരിത്രനേട്ടത്തിലൂടെ.സംയോജിത വ്യാവസായിക വികസനം ഊർജിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വ്യവസായ വകുപ്പ് 2022–23 സാമ്പത്തിക വർഷത്തെ സംരംഭക വർഷമായി പ്രഖ്യാപിച്ചത്. ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി ആദ്യ വർഷത്തിൽ എട്ടാം മാസത്തിൽ തന്നെ ലക്ഷ്യം കൈവരിച്ചു. നിശ്ചിത സമയത്തിനുള്ളിൽ 1,39,840 സംരംഭങ്ങൾ ആരംഭിക്കാനം 8422 കോടി രൂപയുടെ നിക്ഷേപം ആർജിക്കാനും 3,00,000 ത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. മഹാ വിജയം കണക്കിലെടുത്താണ് ഈ വർഷവും പദ്ധതി തുടരാൻ തീരുമാനിച്ചത്. എം എസ് എം ഇ മേഖലയിൽ രാജ്യത്തിന്റെ തന്നെ ബെസ്റ്റ് പ്രാക്റ്റീസായി തിരഞ്ഞെടുക്കപ്പെട്ട പദ്ധതിക്ക് മിഷൻ 1000 പോലെയുള്ള പദ്ധതികളിലൂടെ വ്യവസായ വകുപ്പ് തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.